"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിന്-തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.152/2025/ITD തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:- 1) 09-12-2008-ലെ സർക്കുലർ നം.84/2008/ധന.

2) 29-08-2009-ലെ സർക്കുലർ നം. 75/09/ധന.

3) 30-01-2018-ലെ സർക്കുലർ നം.8/2018/ധന.

4) 16-06-2018-ലെ സർക്കുലർ നം.53/2018/ധന.

5) 11-06-2018-ലെ സ.ഉ. (അച്ചടി) നം.88/2018/ധന.

6) 03-07-2018-ലെ സ.ഉ. (അച്ചടി) നം.100/2018/ധന.

7) 09-01-2020-ലെ സ.ഉ.(കൈ) നം.4/2020/ITD.

8) 12-06-2024-ലെ സ.ഉ.(കൈ) നം.8/2024/ITD.

9) 17-07-2024-ലെ സ.ഉ. (അച്ചടി) നം.57/2024/ധന.

10) 31-08-2024-ലെ സ.ഉ. (അച്ചടി) നം.76/2024/ധന.

11) 06-12-2024-ലെ സ.ഉ.(കൈ) നം.17/2024/ITD.

12) 30-01-2025-ലെ സ.ഉ. (സാധാ) നം.22/2025/ITD.

13) 31-01-2025-ലെ സ.ഉ. (സാധാ) നം.23/2025/ITD.

14) 10-03-2025-ലെ സ.ഉ. (സാധാ) നം.49/2025/ITD.

15) കെ-ഫോൺ മാനേജിങ് ഡയറക്ടറുടെ 07-05-2025-ലെ KFON/FIN/2025-26/1475 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ 16.40 കോടി രൂപയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിനായി ബജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത സ്കീമിന് പരാമർശം (8) പ്രകാരം 16.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, പരാമർശം (9), (10) ഉത്തരവുകളിലെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം സംബന്ധിച്ച നിർദേശങ്ങൾ പ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിന് പരാമർശം (11) പ്രകാരം 10.95 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. തുടർന്ന്, പരാമർശം (12), (13), (14) എന്നിവ പ്രകാരം 10.95 കോടി രൂപ റിലീസ് ചെയ്യുന്നതിന് ഉത്തരവായി. എന്നാൽ, റിലീസ് ചെയ്ത തുകയിൽ നിന്നും 1,25,90,931/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊന്ന് രൂപ) 799012700002560 എന്ന ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്തെന്നും (Resumed) പ്രസ്തുത തുക അനുവദിക്കണമെന്നും പരാമർശം (15) പ്രകാരം കെ-ഫോൺ

മാനേജിങ് ഡയറക്ടർ ആവശ്യപ്പെട്ടു.

2) മേൽ സാഹചര്യത്തിൽ, കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനായി, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 1,25,90,931/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊന്ന് രൂപ) 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും "2852-07-101-99(P)-KFON Free Internet Connectivity to Economically Backward Classes" എന്ന ശീർഷകത്തിൽ നിന്നും കെ-ഫോൺ ലിമിറ്റഡ്-നു തുക അനുവദിച്ച് ഉത്തരവാകുന്നു.

i) പരാമർശം (1) മുതൽ (4) വരെയുള്ള സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

ii) സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്ന പദ്ധതിക്കായി മാത്രമെ ഈ തുക വിനിയോഗിക്കാൻ പാടുള്ളൂ. ട്രഷറി അക്കൗണ്ടിലെ തുക ആവശ്യാനുസരണം മാത്രം പിൻവലിക്കേണ്ടതാണ്.

iii) പദ്ധതി തുകയുടെ വിനിയോഗവും മേൽനോട്ടവും സംബന്ധിച്ച് പരാമർശം (5), (6) പ്രകാരമുള്ള മാർഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

iv) തുക പിൻവലിക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച ധനകാര്യ തത്വങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

v) തുക റിലീസ് ചെയ്യുന്നതിന് ഇനി സമർപ്പിക്കുന്ന പ്രൊപ്പോസലുകളോടൊപ്പം, പരാമർശം (7) പ്രകാരമുള്ള, ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന കൃത്യമായ വിഭജനം, ഏതെല്ലാം ഘടകങ്ങൾക്കാണ് ഇതുവരെ റിലീസ് ചെയ്ത തുക ചെലവഴിച്ചതെന്ന ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കണം.

3) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് അണ്ടർ സെക്രട്ടറി, റിലീസ് ചെയ്യേണ്ട തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും കെ-ഫോൺ ലിമിറ്റഡിന്റെ 799012700002560 നമ്പർ പ്ലാൻ സ്കീം ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI A M
അണ്ടർ സെക്രട്ടറി

പകർപ്പ്.-
മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&.എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ധനകാര്യ (ജി.ഐ.എം.സി.) വകുപ്പ്. (നമ്പർ: 2936334/PU-D3/201/2017-Fin-Part(3))
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Mahesh. R
Date: 02-07-2025 11:06:18
സെക്ഷൻ ഓഫീസർ